# പതിമൂന്നാം കേരളനിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 173** — **09.03.2015-ലെ മറുപടിക്ക്**

## കതിരൂർ ബോംബ് സ്ഫോടനം

| ചോദ്യം<br>ശ്രീ. എൻ ഷംസുദ്ദീൻ | മറുപടി<br>ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
|---|---|
| (എ) കതിരൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ ജനുവരി 18ന് ഉണ്ടായ ബോംബ് സ്ഫോടനത്തിൽ എന്തൊക്കെ നാശനഷ്ടങ്ങളുണ്ടായി എന്നും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;<br>(ബി) ബോംബുകൾ നിർമ്മിച്ച പ്രതികൾക്കെതിരെ ഏതൊക്കെ വകുപ്പുകൾ ചേർത്താണ് കേസെടുത്തതെന്ന് വെളിപ്പെടുത്തുമോ; | (എ) & (ബി) ബോംബ് സ്ഫോടനത്തിൽ നാശനഷ്ടങ്ങൾ ഉണ്ടായിട്ടില്ല. എന്നാൽ ഒരാൾക്ക് പരിക്ക് പറ്റിയിട്ടുണ്ട്. ഇതു സംബന്ധിച്ച് കതിരൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 75/2015 u/s 3&5 of Explosive Substance Act പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) അങ്കണവാടിക്കുസമീപം ജീവഹാനി ഉണ്ടാക്കാവുന്നവിധം സ്ഫോടക വസ്തുക്കൾ കൈകാര്യം ചെയ്ത സംഭവം ഗൗരവപൂർവം വീക്ഷിക്കുകയും, ദേശവിരുദ്ധ പ്രവർത്തനമെന്ന രീതിയിൽ കൈകാര്യം ചെയ്യാൻ നിർദ്ദേശം നൽകുകയും ചെയ്യുമോ? | (സി) പ്രസ്തുത സംഭവം ഗൗരവമായി എടുത്തിട്ടുണ്ട്. എന്നാൽ സംഭവത്തിൽ ദേശവിരുദ്ധ പ്രവർത്തനമുള്ളതായി ഇതുവരെയുള്ള അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ